**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.അനുജൻ എം. സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയ ശ്രീ.അശോക കുമാറിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.942/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 29.03.2017.**

---

പരാമർശം:
1) ശ്രീ.അനുജൻ എം. 14.03.2016-ൽ സമർപ്പിച്ച നിവേദനം.
2) ഗ്രാമവികസന കമ്മീഷണറുടെ 19.08.2016-ലെ 8023/എസ്റ്റാ.സി3/16/സിആർഡി നമ്പർ കത്ത്.
3) 21.10.2016 തീയതിയിലെ ഇആർഎ1/42/16/തസ്വഭവ നമ്പർ സർക്കാർ കത്ത്.
4) 09.01.2017-ൽ ശ്രീ.അനുജൻ എം.-ന്റെ സർക്കാരിന് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

2005-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിന്റെ ഭാഗമായി വോട്ടെണ്ണൽ കേന്ദ്രത്തിലെ ലൈറ്റ് ആന്റ് സൗണ്ട് ക്രമീകരിച്ചതിന് കിലുക്ക ലൈറ്റ് ആന്റ് സൗണ്ട് ഉടമ ശ്രീ.തോംസൺ എന്നയാൾക്ക് ലഭിക്കേണ്ടതായ 23500/- രൂപയിൽ 6500/- രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ബാക്കി തുകയായ 17000/- രൂപ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഉടമ ശ്രീ.തോംസൺ ജില്ലാ കളക്ടർക്ക് പരാതി നൽകിയിരുന്നു. പരാതിയിന്മേൽ ജില്ലാ കളക്ടർ 21.02.2007-ൽ വാദം കേട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.തോംസണിന് നൽകുവാനുള്ള 17000/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ച് നൽകുവാൻ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എം.അനുജനിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നതായും എന്നാൽ ശ്രീ.അനുജൻ നൽകിയ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ 17000/- രൂപ ശ്രീ.അനുജന്റെ ബാധ്യതയായി കണക്കാക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത ബാധ്യതയിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ശ്രീ.അനുജൻ നിവേദനം സമർപ്പിച്ചു.

ശ്രീ.അനുജൻ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പരിഗണിക്കാൻ കഴിയില്ലായെന്ന് പരാമർശം (3) പ്രകാരം പരാതിക്കാരന് മറുപടി നൽകിയിരുന്നു. എന്നാൽ ടിയാനെ നേരിൽ കേൾക്കുന്നതിന് അനുമതിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.അനുജൻ വീണ്ടും പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.അനുജന്റെ അപേക്ഷ പരിഗണിച്ച് ടിയാനെ 13.03.2017-ന് 11 മണിക്ക് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഈ വിഷയം കൂടുതൽ അന്വേഷണം ആവശ്യമുള്ളതായി കാണുകയും ചെയ്തു. ആയതിനാൽ ശ്രീ.അനുജന്റെ പരാതി വിശദമായി അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയ ശ്രീ.അശോക കുമാറിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീ.അനുജൻ എം., മൂത്തേടത്ത് മന, വിയ്യൂർ, തൃശ്ശൂർ - 680 010
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ